**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3103** **07-10-2025 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ മണ്ഡലത്തിലെ തുറവൂർ, കുത്തിയതോട് എന്നീ തീരപ്രദേശങ്ങളിലെ ജനങ്ങൾ കുടിവെള്ളം ലഭിക്കാതെ ബുദ്ധിമുട്ടുന്നത് ഒഴിവാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | അരൂർ മണ്ഡലത്തിലെ തുറവൂർ കുത്തിയതോട് എന്നീ പ്രദേശങ്ങളിൽ നിലവിൽ JICA assisted WSS to Cherthala Municipality and adjoining panchayaths എന്ന സ്കീമിലെ സോൺ 3-ലെ നിലവിലെ തുറവൂർ ടാങ്കിൽ നിന്നും വാൽവ് ക്രമീകരിച്ചും പുതിയ വാൽവുകൾ നിലവിലെ വിതരണ ശൃംഖലയിൽ സ്ഥാപിച്ചും കുടിവെള്ള വിതരണം ഇപ്പോൾ നടത്തി വരുന്നു. എന്നാൽ ഇത്തരത്തിൽ ക്രമീകരിച്ചിട്ടും മേൽ പ്രദേശങ്ങളിൽ പൂർണതോതിൽ കുടിവെള്ളം വിതരണം ചെയ്യാൻ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ അത് പരിഹരിക്കുന്നതിനായി തുറവൂർ പഞ്ചായത്തിൽ പുതിയ ഉപരിതല സംഭരണി സ്ഥാപിക്കുന്നതിനായി 20.94 കോടി രൂപയുടെ എസ്റ്റിമേറ്റ് ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഭരണാനുമതിക്കായി നൽകിയിരുന്നു. എന്നാൽ അത് ലഭിക്കാത്ത സാഹചര്യത്തിൽ നിലവിലെ തുറവൂർ ഉപരിതല സംഭരണിയിൽ നിന്നും കുത്തിയതോട് ഭാഗത്തേക്ക് പ്രത്യേകമായി 250mm വ്യാസമുള്ള പൈപ്പ് ലൈൻ സ്ഥാപിച്ച് ശുദ്ധജല വിതരണം നൽകുവാനുള്ള 3.90 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കുത്തിയതോട് ഭാഗത്തേക്ക് പ്രത്യേകമായി ജലവിതരണം നടത്തുന്നതിന് പുതിയതായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള 250mm പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തിയാകുന്നതോടെ മേൽ പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പൂർണമായും പരിഹരിക്കപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ